**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 470** **24-08-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വഴി അംഗീകാരം നൽകിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വഴി അംഗീകാരം നൽകിയിരിക്കുന്ന എഴുപത്തിമൂവായിരം കോടിയിലേറെ തുകയ്ക്കുള്ള പദ്ധതികൾ നടപ്പാക്കാൻ നിലവിൽ ലഭ്യമാക്കിയിട്ടുള്ള തുക പര്യാപ്തമാണോ എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ; | (എ) | ഏതാണ്ട് 73,000 കോടി രൂപയോളം വരുന്ന പദ്ധതികൾക്കാണ് കിഫ്ബി നാളിതുവരെ അംഗീകാരം നൽകിയിട്ടുള്ളത്. ഇതിലേക്കായി കാലക്രമേണ വളരുന്ന ആന്യൂറ്റി (growing annuity) പേയ്മെന്റ് മാതൃകയിൽ മോട്ടോർ വാഹന നികുതിയുടെ പകുതിയും പെട്രോൾ സെസ്സ് തുകയും കിഫ്ബിക്ക് നൽകുമെന്നത് കിഫ് ആക്ട് പ്രകാരം നിയമം മൂലം ഉറപ്പ് നൽകുന്നുണ്ട്.<br><br>കിഫ്ബിയുടെ കാര്യത്തിൽ ഇരുപത്തഞ്ച് ശതമാനം പദ്ധതിയെങ്കിലും വരുമാനദായകമാണ്. ട്രാൻസ്ഗ്രിഡ്, കെ-ഫോൺ, വ്യവസായ ഭൂമി, തുടങ്ങിയവക്ക് നൽകുന്ന വായ്പ മുതലും പലിശയും ചേർന്ന് കിഫ്ബിയിൽ തിരിച്ചെത്തുന്നവയാണ്. ഈ തുകയും നിയമം മൂലം സർക്കാരിൽ നിന്ന് ലഭിക്കുന്ന തുകയും ചേർത്താൽ അംഗീകരിച്ച പദ്ധതികൾ നടപ്പാക്കാൻ കഴിയും. ഓരോ പ്രോജക്ട് ഏറ്റെടുക്കുമ്പോഴും അതിന്റെ ബാധ്യതകൾ എന്തെല്ലാമാണെന്ന് കൃത്യമായി കണക്കാക്കി അറിയിക്കുവാൻ പ്രാപ്തിയുള്ള അസെറ്റ് ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ് വെയർ കിഫ്ബി വികസിപ്പിച്ചിട്ടുണ്ട്. അതുപോലെ കിഫ്ബിക്ക് വരും വർഷങ്ങളിൽ ലഭിക്കുന്ന വരുമാനവും കൃത്യമായി കണക്ക് കൂട്ടാൻ ആവും. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് കിഫ്ബി തുടർന്നുള്ള വർഷങ്ങളിലേക്കുള്ള ധനസമാഹരണ പദ്ധതി തയ്യാറാക്കുന്നത്. ഭാവിയിൽ ഒരു ഘട്ടത്തിലും കിഫ്ബിയുടെ ബാധ്യതകൾ വരുമാനത്തെ അധികരിക്കില്ല എന്ന് ഉറപ്പ് വരുത്തി കൊണ്ട് മാത്രമേ കിഫ് ബോർഡ് പ്രോജക്ടുകൾ അംഗീകാരം നൽകുകയുള്ളു. |
| (ബി) | അംഗീകാരം നൽകിയ പദ്ധതികൾ നടപ്പാക്കാനുള്ള വിഭവ സമാഹരണം നടത്താൻ എന്തൊക്കെ | (ബി) | കിഫ് ആക്ട് പ്രകാരം സർക്കാരിൽ നിന്നും ഉറപ്പുവരുത്തിയിട്ടുള്ള വരുമാനത്തിനു പുറമേ വിവിധ ബാങ്കുകൾ മറ്റ് ഡെവലപ്പ്മെന്റ് ഫിനാൻഷ്യൽ |

<table>
<tr><td></td><td>നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;</td><td></td><td>ഇൻസ്റ്റിറ്റ്യൂഷൻ എന്നിവയിലൂടെ ലോണുകൾ അഭ്യന്തര-അന്താരാഷ്ട്ര വിപണിയിൽ പുറപ്പെടുവിക്കുന്ന കടപ്പത്രങ്ങൾ എന്നിവയിലൂടെയാണ് കിഫ്ബി നിലവിൽ ധനസമാഹരണം നടത്തിവരുന്നത്. പ്രവാസി ചിട്ടിയിലൂടെ കെ.എസ്.എഫ്.ഇ യിൽ നിന്നും, പ്രവാസി ഡിവിഡന്റ് സ്കീമിലൂടെ KNRWB നടത്തുന്ന നിക്ഷേപങ്ങളും ഇതിൽ പ്രധാനപ്പെട്ടവയാണ്. ഇത്തരത്തിൽ ആക്ടിലെ വ്യവസ്ഥകളുടെയും സെബി റിസർവ് ബാങ്ക് തുടങ്ങിയ നിയന്ത്രണ സംവിധാനങ്ങളുടെ നിയമങ്ങളുടെയും പരിധികൾക്കുള്ളിൽ നിന്നുകൊണ്ടാണ് ധനസമാഹരണം നടത്തുന്നത്.</td></tr>
<tr><td>(സി)</td><td>കിഫ്ബി വഴി സമാഹരിച്ച വായ്പകളുടെ തിരിച്ചടവ് ഏത് വർഷം മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;</td><td>(സി)</td><td>കിഫ്ബി 2017, 2019, 2020 എന്നീ വർഷങ്ങളിൽ സമാഹരിച്ച ചില ലോണുകളുടെ തിരിച്ചടവ് ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ തിരിച്ചടച്ച തുകകളുടെ (31.07.2022 ലെ കണക്കുകൾ പ്രകാരം) വിവരങ്ങൾ ചുവടെ നൽകുന്നു.
<table>
<tr><th>Bank</th><th>Amount Repaid (INR Cr)</th></tr>
<tr><td>NABARD- NIDA (Tranche 1)</td><td>148.62</td></tr>
<tr><td>State Bank of India</td><td>187.69</td></tr>
<tr><td>Indian Bank</td><td>75.59</td></tr>
<tr><td>Union Bank of India</td><td>93.75</td></tr>
<tr><td>Syndicate Bank (Canara)</td><td>15.00</td></tr>
<tr><td>Corporation Bank (UBI)</td><td>10.42</td></tr>
<tr><td>Bonds to KSFE (Pravasi Chitti)</td><td>38</td></tr>
<tr><td>TOTAL</td><td>569.07</td></tr>
</table>
</td></tr>
<tr><td>(ഡി)</td><td>സർക്കാരിന്റെ നിലവിലെ സാമ്പത്തികാവസ്ഥയിൽ കിഫ്ബി വായ്പകളുടെ സമയബന്ധിതമായ തിരിച്ചടവ് സാധ്യമാകുമോ എന്ന് വ്യക്തമാക്കാമോ;</td><td>(ഡി)</td><td>കിഫ്ബിയ്ക്ക് ആക്റ്റ് പ്രകാരം നിയമപരമായി നൽകേണ്ട തുക മുടക്കമില്ലാതെ നൽകുന്നതുവഴി പദ്ധതി നിർവ്വഹണവും ധനസമാഹരണവും തടസ്സം കൂടാതെ നടക്കുന്നുണ്ട് എന്ന് സർക്കാർ ഉറപ്പുവരുത്തുന്നുണ്ട്. നിലവിൽ കിഫ്ബി വായ്പകളുടെ സമയബന്ധിതമായ തിരിച്ചടവിന് തടസങ്ങൾ ഒന്നും തന്നെയില്ല.</td></tr>
<tr><td>(ഇ)</td><td>കിഫ്ബി മസാല ബോണ്ടിന്റെ തിരിച്ചടവ് എന്ന് മുതൽ ആരംഭിക്കുമെന്നും എന്ന് അവസാനിക്കുമെന്നും വ്യക്തമാക്കാമോ?</td><td>(ഇ)</td><td>ഒറ്റത്തവണയായി 2024 മാർച്ച് മാസമാണ് മസാല ബോണ്ടിന്റെ തിരിച്ചടവ്.</td></tr>
</table>

സെക്ഷൻ ഓഫീസർ